ഹദീസ്

ബിലാൽ ബദ്റുദ്ദീൻ
ഇസ്‌ലാമിയാ കോളേജ്, തളിക്കുളം

# ദൈവസാമീപ്യം നേടാനുള്ള വഴികൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ ، قَالَ رَسُول الله صلى الله عليه وسلم : إِنَّ اللهَ قَالَ مَنْ عَادَى لِي وَلِيًّا فَقَد آذَنْتُه بِالْحَرب ، وَمَا تَقَربَ إِلَي عَبْدِي بِشَيءٍ أَحَبَّ إِلَيَّ مِمَا افْتَرَضْتُ عَلَيْهِ ، وَمَا يَزَالُ عَبْدِي يَتَقَربُ إِلَي بِالنَّوَافِلِ حَتَّى أُحِبَّهُ ، فَإِذَا أَحْبَبْتُهُ كُنْتُ سَمْعَهُ الَّذِي يَسْمَعُ بِهِ ، وَبَصرَه الَّذِي يُبْصِرُ به ، وَيَدَهُ الَّتِي يَبْطِشُ بِهَا ، وَرِجْلَهُ الَّتِي يَمْشِي بِهَا ، وَإِن سَأَلَنِي لَأُعْطِيَنَّهُ ، وَلَئِن اسْتَعَاذَنِي لَأُعِيذَنَّهُ (رَواه البُخَارِي)

**അബൂഹുറൈറ(റ)യിൽനിന്ന്. നബി (സ) അറിയിച്ചു; അല്ലാഹു ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'എന്റെ ഒരു മിത്രത്തോട് ശത്രുത വെച്ചുപുലർത്തുന്നവനോട് ഞാൻ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. എന്റെ ദാസന്റെ മേൽ ഞാൻ നിർബന്ധമാക്കിയ കാര്യങ്ങളേക്കാൾ എനിക്കേറ്റവും പ്രിയങ്കരമായ മറ്റൊന്നു കൊണ്ടും അവന് എന്റെ സാമീപ്യം നേടുക സാധ്യമല്ല. എന്റെ അടിമ സുന്നത്തായ കാര്യങ്ങൾ ചെയ്തുകൊണ്ട് എന്നിലേക്ക് അടുത്തുകൊണ്ടേയിരിക്കും; ഞാനവനെ ഇഷ്ടപ്പെടുന്നതുവരെ. ഞാനവനെ ഇഷ്ടപ്പെട്ടാൽ അവൻ കേൾക്കുന്ന കാതും അവൻ കാണുന്ന കണ്ണും പിടിക്കുന്ന കൈയും അവൻ നടക്കുന്ന കാലും ഞാനാകും. അവൻ എന്നോട് ആവശ്യപ്പെട്ടാൽ ഞാനവന് നൽകും, അവനെന്നോട് അഭയം ചോദിച്ചാൽ ഞാനവന് അഭയം നൽകും' (ബുഖാരി).**

ഖുദ്സിയായ ഈ ഹദീസ്, ദൈവസാമീപ്യം നേടുന്നതിന് നമ്മുടെ പ്രവർത്തനങ്ങളിൽ പാലിക്കേണ്ട മുൻഗണനാക്രമം പഠിപ്പിച്ചുതരുന്നു. ഈ മാർഗങ്ങളിലൂടെ അല്ലാഹുവിലേക്ക് അടുക്കുന്നവരോടുള്ള അവന്റെ സമീപനം എന്താണെന്ന് വിശദീകരിച്ചുതരുന്നു. 'വലിയ്യ്' എന്ന പദത്തിന്റെ ഭാഷാർഥം സംരക്ഷകൻ, സഹായി, സ്നേഹിതൻ എന്നൊക്കെയാണ്. അല്ലാഹുവിന്റെ വലിയ്യ് എന്നാൽ അല്ലാഹുവിന്റെ മിത്രം എന്നാണ് അർഥം. സച്ചരിതരും സുകൃതരുമായ ദൈവദാസന്മാരെയും അവരുടെ പദവികളെയും വിശേഷിപ്പിക്കാനായി ഖുർആൻ പ്രയോഗിച്ച മുത്തഖി, മുഹ്സിൻ എന്നിങ്ങനെയുള്ള വിശേഷണങ്ങൾ പോലെ ഒരു വിശേഷണമാണിത്.

ആരൊക്കെയാണ് അല്ലാഹുവിന്റെ വലിയ്യിനോട് ശത്രുത വെച്ചുപുലർത്തുന്നവർ? അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യം വെച്ച് അവന്റെ ദീനിന്റെ സംസ്ഥാപന പ്രവർത്തനങ്ങളിൽ നിരതരായ ആളുകൾക്ക് മുന്നിൽ വിലങ്ങുതടിയായി നിൽക്കുന്നവരാരോ അവരൊക്കെയും.

അല്ലാഹുവിലേക്ക് അടുക്കാൻ ഒരാൾ തെരഞ്ഞെടുക്കുന്ന വഴികളിൽ അവന് ഏറ്റവും പ്രിയപ്പെട്ടത് അവൻ നിർബന്ധമാക്കിയ കാര്യങ്ങൾ അനുഷ്ഠിക്കലാകുന്നു. അല്ലാഹുവിന്റെ പരിധികളെ അതിലംഘിക്കാതെ ഈ ഫർദുകൾ മാത്രം അനുഷ്ഠിച്ചാൽ തന്നെ അത് ഒരാളുടെ സ്വർഗപ്രവേശനത്തിന് കാരണമാകുന്നതാണ്. ജാബിറു ബ്നു അബ്ദില്ലയിൽനിന്ന് നിവേദനം: ഒരാൾ അല്ലാഹുവിന്റെ റസൂലിനോട് ചോദിച്ചു; 'ഞാൻ നിർബന്ധ നമസ്കാരങ്ങൾ നിർവഹിക്കുകയും റമദാനിൽ നോമ്പനുഷ്ഠിക്കുകയും ഹലാലുകൾ ഹലാലാക്കുകയും ഹറാമുകളെ ഹറാമാക്കുകയും ചെയ്തു. അതിലേക്ക് ഒന്നും അധികരിപ്പിക്കുന്നില്ല, എങ്കിൽ ഞാൻ സ്വർഗത്തിൽ പ്രവേശിക്കുമോ?' റസൂൽ മറുപടി പറഞ്ഞു: 'അതേ' (മുസ്‌ലിം).

അല്ലാഹുവിന്റെ സാമീപ്യം നേടാനുള്ള അടുത്ത മാർഗം സുന്നത്തുകളെ പിൻപറ്റലാകുന്നു. സുന്നത്ത് നമസ്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സ്വദഖകൾ മുതലായവയൊക്കെ ഈ ഗണത്തിൽപെടുന്നു. ഫർദുകൾ നിർവഹിച്ചുകൊണ്ട് അല്ലാഹുവിങ്കലേക്ക് അടുക്കുന്ന ഒരുവൻ നഫ്ലുകളിലൂടെ (സുന്നത്ത്) അവങ്കലേക്ക് കൂടുതൽ അടുക്കുന്നു. അങ്ങനെ അയാളുടെ കേൾവിയും കാഴ്ചയും കൈകാലുകളുടെ ചലനങ്ങളുമെല്ലാം പൂർണമായും അല്ലാഹുവിന് വിധേയപ്പെടുന്നു. 'അല്ലാഹു അയാളുടെ കൈകാലുകളെയും ഇതര അവയവങ്ങളെയും സംരക്ഷിക്കുമെന്നാണ് ഈ ഹദീസിന്റെ ആശയം. അതിലൂടെ അയാൾ സ്വന്തം ദേഹേഛകളിൽനിന്ന് വിമുക്തനായി ആരാധനകളിൽ പൂർണ സംതൃപ്തി അനുഭവിക്കും. പിന്നീടയാൾ ദൈവിക ശരീഅത്ത് അനുവദിച്ചതേ കേൾക്കുകയും കാണുകയും ചെയ്യൂ. കൈയും കാലുമെല്ലാം അങ്ങനെത്തന്നെ' (*ദലീലുൽ ഫാലിഹീൻ*).

മേൽപ്പറഞ്ഞ പ്രകാരമാണ് ദൈവിക സാമീപ്യം നേടാനായിട്ടുള്ള പ്രവർത്തനങ്ങളിൽ നാം പാലിക്കേണ്ട മുൻഗണനാക്രമം. എന്നാൽ അല്ലാഹുവോ അവന്റെ റസൂലോ പഠിപ്പിച്ചുതന്നിട്ടില്ലാത്ത 'ആത്മീയ കസർത്തുകൾ' സമുദായത്തിൽ വർധിച്ചുവരുന്നതായി കാണുന്നു. പല പേരുകളിലും രൂപങ്ങളിലും ആത്മീയ സദസ്സുകൾ സംഘടിപ്പിക്കപ്പെടുന്നു. ഇത് തങ്ങളുടെ ഈമാൻ വർധിക്കാനും പാപങ്ങൾ പൊറുക്കപ്പെടാനും അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാനും സഹായകമാവും എന്നാണ് അവരുടെ ന്യായം. എന്നാൽ, അല്ലാഹുവിന്റെ റസൂൽ നമ്മോട് പറഞ്ഞത് ഇങ്ങനെയാണ്: (ഇബ്നു മസ്ഊദിന്റെ നിവേദനം) 'സ്വർഗവുമായി അടുപ്പിക്കുന്ന മുഴുവൻ കാര്യങ്ങളും ഞാൻ നിങ്ങളോട് കൽപിച്ചിട്ടുണ്ട്. നരകവുമായി നിങ്ങളെ അടുപ്പിക്കുന്ന മുഴുവൻ കാര്യങ്ങളിൽനിന്നും നിങ്ങളെ ഞാൻ തടയുകയും ചെയ്തിട്ടുണ്ട്' (ത്വബറാനി).

ഈ മുൻഗണനാക്രമമനുസരിച്ച് അല്ലാഹുവിന്റെ സാമീപ്യം തേടുന്നവരെ അല്ലാഹു കൈവെടിയുകയില്ല. അവരുടെ പ്രാർഥനകളും ആവലാതികളും അവൻ അവഗണിക്കുകയില്ല. ●